# കാവ്യാംഗനയുടെ ചോദ്യം

## വാസുദേവ് പുളിക്കൽ

കാവ്യാംഗനയൊരു ചോദ്യവുമായി
കാവ്യലോകത്തേക്കിറങ്ങി വന്നു.
അക്ഷരമാലകളണിഞ്ഞു മണിവിരൽ
മോതിരമിട്ടു മറച്ചുപിടിച്ചും
ആപാദചൂഡമണിഞ്ഞൊരു നേരിയ
പുടവത്തുമ്പുകൾ കാറ്റിലുലച്ചും
നെറ്റിക്കുറിയിലെ കുങ്കുമമിത്തിരി
കയ്യിലെടുത്തവൾ ചോദ്യമെഴുതി
സുലളിത മോഹന കല്പനകൾ
പൊൻചിറകിൽ പാറി നടക്കുമ്പോൾ
ദുർഗ്രഹയായൊരഭിസാരികയായ്
എന്നെ ദുഷിപ്പിക്കുന്നൊരു ദുഷ്ടർ
മൂകയും ബധിരയും ഭ്രാന്തിയുമായ്
പൊട്ടിപ്പെണ്ണായ് കരുതരുതെന്നെ
ഞാനോ കവിതമനോഹരിയായവൾ
ഭാഷകൾ ചുടും വാടാ ഹാരം
എന്നിലെയിതളുകൾ നുള്ളിയെറിഞ്ഞും
എന്നിലെ ഗന്ധം കാറ്റിലെറിഞ്ഞു,
വാക്കുകൾ വെട്ടി, കുത്തിമലർത്തി
ശവമാക്കുന്നു നൂതന കവികൾ
കടലാസ്സ്പൂവ്വായി മാറ്റുന്നു ചിലർ
എന്നെ, കവികൾ കലയില്ലാത്തോർ
പഴമയിലെന്നും പുണ്യംപുലരുമൊരനർഘ
സുന്ദര കവിതകൾ എവിടെ?